പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3842

25.06.2013 - ലെ മറുപടിക്ക്

## സിഡ്കോയിലെ കരാർ നിയമനങ്ങൾ

ചോദ്യം

ശ്രീ. എസ്. ശർമ്മ

മറുപടി

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സിഡ്കോയിൽ കരാർ-ദിവസക്കൂലി അടിസ്ഥാനത്തിൽ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് രേഖാമൂലം വിശദമാക്കാമോ; ഈ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണോ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(എ) : ഈ സർക്കാർ അധികാരമേറ്റ ശേഷം സിഡ്കോയിൽ കരാർ അടിസ്ഥാനത്തിൽ 383 പേരെയും ദിവസക്കൂലി അടിസ്ഥാനത്തിൽ 22 പേരെയും നിയമിച്ചിട്ടുണ്ട്. ഇവരുടെ വിശദമായ ലിസ്റ്റ് അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു. ഈ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ല നടത്തിയിട്ടുള്ളത്. സമയ പരിമിതി മൂലം വളരെ അത്യന്താപേക്ഷിതമായ ഘട്ടങ്ങളിൽ മാത്രമാണ് സിഡ്കോയിലെ സ്റ്റാഫ് റെഗുലേഷൻ റൂൾ 10(സി) പ്രകാരം ഇത്തരം നിയമനങ്ങൾ നടത്തുന്നത്.

(ബി) സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച എത്ര പേർക്ക് ഏതൊക്കെ തസ്തികയിൽ എത്ര രൂപ വീതം ശമ്പളം നിശ്ചയിച്ച് നിയമനം നൽകിയിട്ടുണ്ടെന്നും ഇവരെനിയമിച്ചതിന്റെ മാനദണ്ഡമെന്താണ് എന്നും ഈ നിയമനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ എന്നുംവിശദമാക്കാമോ; ഇല്ലെങ്കിൽ നിയമനങ്ങൾ റദ്ദ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

(ബി) : സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച 11 പേർക്ക് സിഡ്കോയിൽ താല്ക്കാലിക നിയമനം നൽകിയിട്ടുണ്ട്. ഇവരുടെ തസ്തികയുടെയും ശമ്പളത്തിന്റെയും വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഒട്ടനവധി ജീവനക്കാർ സർവ്വീസിൽ നിന്നും പിരിഞ്ഞു പോയി. ഇതിന് ആനുപാതികമായി നിയമനങ്ങൾ നടത്താൻ കഴിഞ്ഞിട്ടില്ല. ഇതിന് പരിഹാരമെന്ന നിലയിലാണ് സ്റ്റാഫ് റഗുലേഷൻ 10(സി) പ്രകാരം അവശ്യ ഘട്ടങ്ങളിൽ താത്കാലിക നിയമനങ്ങൾ നടത്തിയത്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്